**പതിനാലാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1335 — 04-02-2019 -ൽ മറുപടിക്ക്

## പ്രളയ ബാധിതർക്കുള്ള സർക്കാർ ആനുകൂല്യങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. അൻവർ സാദത്ത്**<br>**ശ്രീ. വി.ടി.ബൽറാം**<br>**ശ്രീ. കെ.എസ്.ശബരീനാഥൻ**<br>**ശ്രീ. സണ്ണി ജോസഫ്** | | **ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും<br>വകുപ്പ് മന്ത്രി)** |
| എ) | പ്രളയത്തിൽ ഉപജീവനമാർഗം നഷ്ടമായ വ്യാപാരികൾക്കും ചെറുകിട കച്ചവടക്കാർക്കും വീട്ടുപകരണങ്ങൾ നഷ്ടപ്പെട്ടവർക്കും സർക്കാർ പലിശ രഹിത വായ്പ വാഗ്ദാനം ചെയ്തിരുന്നുവോ; | എ) & ബി) | പ്രളയത്തിൽ മൃഗസംരക്ഷണ മേഖലയിലും ജീവനോപാധി നഷ്ടപ്പെട്ടവർക്കും സൂക്ഷ്മ ചെറുകിട, ഇടത്തര വാണിജ്യ വ്യാപാര സ്ഥാപനങ്ങൾ, കടകൾ, തേനീച്ച കർഷകർ എന്നീ വിവിധ മേഖലയിലുള്ള ദുരന്ത ബാധിതർക്ക് ഉപജീവന മാർഗ്ഗങ്ങൾ ബാങ്ക് വായ്പ പ്രയോജനപ്പെടുത്തി പുനരാരംഭിക്കുന്നതിന് 'ഉജ്ജീവന വായ്പാ പദ്ധതി' എന്ന പേരിലും പ്രളയക്കെടുതിയെ തുടർന്ന് വീടുകൾക്കും വീട്ടുപകരണങ്ങൾക്കും നാശനഷ്ടം സംഭവിച്ചവർക്ക് കുടുംബശ്രീ മുഖേന ഗാർഹിക വായ്പാ പദ്ധതിയും നടപ്പിലാക്കിയിട്ടുള്ളതാണ്. വീട്ടുപകരണങ്ങൾ നഷ്ടപ്പെട്ട വർക്ക് കുടുംബശ്രീ വഴി നൽകുന്ന ഈ വായ്പയ്ക്ക് ബാങ്കുകൾ 9% പലിശ ഈടാക്കുന്നുണ്ട്. 9% വരെയുള്ള പലിശ ബാങ്കുകൾ ഗുണഭോക്താക്കളിൽ നിന്നും ഈടാക്കുകയും പിന്നീട് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും കുടുംബശ്രീ വഴി ഗുണഭോക്താവിന് തിരികെ നൽകുന്നതുമാണ്. |
| ബി) | വീട്ടുപകരണങ്ങൾ നഷ്ടപ്പെട്ടവർക്ക് കുടുംബശ്രീ വഴി നൽകുന്ന വായ്പയ്ക്ക് ഒൻപത് ശതമാനം പലിശ ഈടാക്കുന്നുവെന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | | |
| സി) | പ്രളയത്തിൽ ഉപജീവനമാർഗ്ഗം നഷ്ടമായ വ്യാപാരികൾക്കും ചെറുകിട കച്ചവടക്കാർക്കും സർക്കാർ പ്രഖ്യാപിച്ച ആനുകൂല്യങ്ങൾ ഇതുവരെ വിതരണം ചെയ്യാൻ സാധിച്ചിട്ടില്ല എന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | സി) | ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അപേക്ഷകൾ ലഭ്യമാകുന്ന മുറയ്ക്ക് ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിക്കുന്നതാണ്. ഉജ്ജീവന പദ്ധതി പ്രകാരമുള്ള ആനുകൂല്യം വ്യവസായ വകുപ്പിന്റെ സർവ്വേയിൽ ഉൾപ്പെട്ട യൂണിറ്റുകൾക്ക് ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്ന തിന് എല്ലാ ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ